## പതിനാലാം കേരള നിയമസഭ
### ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 314** **29-06-2016-ൽ മറുപടിയ്ക്ക്**

**ലോട്ടറി ഓഫീസുകൾ**

| | ചോദ്യം<br><br>ശ്രീ. എം.എം. മണി | | മറുപടി<br><br>ശ്രീ. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | താലൂക്ക് അടിസ്ഥാനത്തിൽ ലോട്ടറി ഓഫീസുകൾ നിലവിലുണ്ടോ; | (എ) & (ബി) | ഭാഗ്യക്കുറി വകുപ്പിന്റെ കീഴിൽ കൊല്ലം ജില്ലയിലെ പുനലൂർ, ഇടുക്കി ജില്ലയിലെ കട്ടപ്പന, കോഴിക്കോട് ജില്ലയിലെ താമരശ്ശേരി എന്നിവിടങ്ങളിലായി മൂന്ന് താലൂക്ക് ഓഫീസുകൾ നിലവിലുണ്ട്.<br><br>തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ, ആലപ്പുഴ ജില്ലയിലെ ചേർത്തല, പാലക്കാട് ജില്ലയിലെ പട്ടാമ്പി എന്നിവിടങ്ങളിലായി മൂന്ന് താലൂക്ക് ഓഫീസുകൾ കൂടി പുതുതായി അനുവദിച്ചിട്ടുണ്ടെങ്കിലും, തസ്തികകൾ അനുവദിച്ചിട്ടില്ലാത്തതിനാൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പ്രസ്തുത സ്ഥലങ്ങളിൽ നിലവിൽ താലൂക്ക്തല ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുന്നു. |
| (ബി) | ഇല്ലെങ്കിൽ താലൂക്ക് അടിസ്ഥാനത്തിൽ ലോട്ടറി ഓഫീസുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ.